# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2118 - 18.06.2013-ലെ മറുപടിക്ക്**

## 2012 -13 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും നേട്ടവും

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ 2012-13 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ; | 2012-13 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യം ചുവടെ ചേർക്കുന്നു. |

*(തുക കോടിയിൽ)*

| | |
|---|---|
| I. സംസ്ഥാനത്തിന്റെ തനത് സമാഹരണം | (-) 4540.38 |
| (എ) നടപ്പു വർഷത്തിലെ റവന്യു അക്കൗണ്ടിൽ നിന്നുള്ള നീക്കിയിരിപ്പ് | (-) 3214.35 |
| (ബി) പലവക മൂലധന വരവ് | (-) 1772.83 |
| (സി) പ്ലാൻ ഗ്രാന്റുകൾ (13-ാം ധനകാര്യ കമ്മീഷൻ) | (+) 446.80 |
| II. സംസ്ഥാനത്തിന്റെ പൊതുകടമെടുപ്പ് (തനി) | 12556.63 |
| III. കേന്ദ്ര സഹായം | 1665.75 |
| IV. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിഹിതം | 1100 |
| V. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | 3228 |

നേട്ടം സംബന്ധിച്ചുള്ള പൂർണ്ണമായ കണക്കുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| (ബി) പദ്ധതിയുടെ അടങ്കൽ എത്ര ആയിരുന്നു; പ്രതീക്ഷിച്ച കേന്ദ്ര സഹായ വർദ്ധനവ് എത്രയായിരുന്നു; യഥാർത്ഥ ത്തിൽ എന്തു തുക ലഭിച്ചു ; | 2012-13 സാമ്പത്തിക വർഷത്തെ പദ്ധതിയടങ്കൽ 14010 കോടി രൂപയായിരുന്നു. ഇതിൽ സാധാരണ കേന്ദ്രസഹായം, വിദേശസഹായ പദ്ധതികൾക്കുള്ള അധിക കേന്ദ്രസഹായം, മറ്റു അധിക കേന്ദ്രസഹായം എന്നീ ഇനങ്ങളിലായി ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2217.59 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. പ്രാഥമിക കണക്ക് അനുസരിച്ച് ഈയിനത്തിൽ 1163.46 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) വിദേശ സഹായ പദ്ധതികൾക്കുള്ള ധനസഹായവും അധിക കേന്ദ്ര സഹാ യവും എത്രയായിരുന്നു; കൈവരിച്ചത് എത്ര കോടി ആണെന്ന് വ്യക്തമാ ക്കാമോ; | 2012-13 സാമ്പത്തിക വർഷത്തിൽ വിദേശ സഹായ പദ്ധതികൾക്കായി വായ്പ യിനത്തിൽ സ്കീം ഓഫ് ഫിനാൻസിംഗ് പ്രകാരം 876.17 കോടി രൂപ വകയിരുത്തി യിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം വിദേശ സഹായ പദ്ധതികൾക്കുള്ള വായ്പയിനത്തിൽ 552.29 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) ഡി.എൽ.ആർ ആധാരമാക്കിയുള്ള പൊതുകടമെടുപ്പ് തുക എത്രയായിരുന്നു; നേട്ടം എത്ര കോടി; 13-ാം ധനകാര്യകമ്മീ ഷന്റെ പ്രത്യേക ഗ്രാന്റുകൾ ലക്ഷ്യം എത്രയായിരുന്നു; ലഭിച്ചത് എത്ര കോടി യെന്ന് വ്യക്തമാക്കാമോ? | 2012-13 സാമ്പത്തിക വർഷത്തിൽ എസ്.എൽ.ആർ അടിസ്ഥാനമാക്കി പൊതു വിപണിയിൽ നിന്നും 11583 കോടി രൂപ കടം എടുത്തിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റിനത്തിൽ 375 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. ലഭിച്ചത് 63.50 കോടി രൂപയാണ്. ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള വിനിയോഗ പരിധി എത്തിച്ചേരുന്ന മുറയ്ക്ക് ബാക്കി തുക കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**